# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2444 12.06.2018-ലെ മറുപടിയ്ക്ക്

## ഓപ്പറേഷൻ ഒളിമ്പിയ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.കെ.ബഷീർ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്ത് സ്പോർട്ട്സ് കൗൺസിലിന് കീഴിൽ ഓപ്പറേഷൻ ഒളിമ്പിയ എന്ന പദ്ധതി നിലവിലുണ്ടോ; | (എ), (ബി) & (സി) | ഉണ്ട്. 2020, 2024-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്ത 11 (പതിനൊന്ന്) കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനു ആവിഷ്കരിച്ച പദ്ധതിയാണ് **"ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി "**.<br>അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ കായികയിനങ്ങളെയാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br>അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ് എന്നീ ഇനങ്ങൾക്ക് തിരുവനന്തപുരത്തും, ബാഡ്മിന്റണിന് എറണാകുളത്തും കനോയിംഗ് & കയാക്കിംഗിന് കൊല്ലത്തും ഫെൻസിംഗിന് കണ്ണൂരും റോവിംഗിന് ആലപ്പുഴയും ആർച്ചറിക്ക് വയനാട്ടിലുമാണ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. 11 കായിക ഇനങ്ങളിലായി ഏകദേശം 210 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രാരംഭ ഘട്ടത്തിൽ അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, |
| (ബി) | ഈ പദ്ധതിക്കായി 2016-17, 2017-18 വർഷങ്ങളിലെ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദമാക്കാമോ; | | |
| (സി) | ഈ പദ്ധതിയുടെ കീഴിൽ നാളിതുവരെയായി എത്ര കായിക താരങ്ങൾക്ക് ഏതൊക്കെ ഇനത്തിൽ പരിശീലനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | സ്വിമ്മിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ് എന്നീ കായികയിനങ്ങളിൽ 20 കായിക താരങ്ങളെ വീതം ആകെ 160 കായിക താരങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലെ ഓരോ കായിക ഇനത്തിനും മികച്ച നിലവാരത്തിലുള്ള ആധുനിക കായിക ഉപകരണങ്ങൾ ലഭ്യമാക്കിക്കൊണ്ട് അന്തർദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോട് കൂടി ഇന്ത്യയിലേയും വിദേശത്തിലെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം കൂടി പ്രയോജനപ്പെടുത്തി വിദഗ്ധ പരിശീലനം നൽകുവാനാണ് ഉദ്ദേശിക്കുന്നത്.<br>ടി പദ്ധതിയ്ക്ക് 2017-18 വർഷത്തെ ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിരുന്നു. |

**സെക്ഷൻ ഓഫീസർ**